കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# ആലിപ്പറമ്പ് ഗ്രാമ പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2016-17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
e-mail:dompm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.എം.പി.എം.24/2180/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

തീയതി -23-11-2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

ആലിപ്പറമ്പ് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ആലിപ്പറമ്പ് ഗ്രാമപഞ്ചായത്ത് - 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18,1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ആലിപ്പറമ്പ് ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 3 ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ, തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ എയിംസ് സോഫ്റ്റ്‌വെയർ മുഖേന ഓൺലൈനായി (aims.ksad.kerala.gov.in/esubmission) ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം

പകർപ്പ് :

1) ഡയറക്ടർ,കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്
എം.എ.11/17

നം.കെ.എസ്.എ.എം.പി.എം.24/2180/2017 തിയ്യതി:23-11-217

## മലപ്പുറം ജില്ലയിലെ ആലിപ്പറമ്പ് ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ ആലിപ്പറമ്പ് ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക ഓഡിറ്റിന് വിധേയമാക്കി. പഞ്ചായത്ത് 01-12-2016 മുതൽ 22-09-2017 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം 28 അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 18 എണ്ണത്തിന് മറുപടി ലഭിച്ചിട്ടില്ല. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. എ.എസ്.ഷാജഹാൻ, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 23-09-2017മുതൽ 07-10-2017 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ. ടി.പി. അബ്ദുൽ ജലീൽ, ഓഡിറ്റ് ഓഫീസർ<br>ശ്രീ. ടി.കെ. നസീർ, അസി.ഓഡിറ്റ് ഓഫീസർ<br>ശ്രീ. ഷാജഹാൻ ഖുറൈശി.എം,<br>സീനി. ഗ്രേഡ്. ഓഡിറ്റർ |

ബി ) നിർവ്വഹണാധികാരികൾ

പ്രസിഡന്റ്

| | |
|---|---|
| ശ്രീമതി സിനിമോൾ | 1-04-16 മുതൽ 31-03-17 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| സെക്രട്ടറി | ശ്രീ. ബെൻസിലാൽ | 01-04-2016 മുതൽ 31-12-2016വരെ |
| | ശ്രീ. ജോണ്സൺ പീറ്റർ കാർഡോസ് | 03-01-17 മുതൽ 31-03-2017വരെ |
| കൃഷി ഓഫീസർ | ശ്രീ. എ.ആർ. സുരേഷ് കുമാർ | 1-04-16 മുതൽ 14-07-16 വരെ |
| | ശ്രീ. അനൂപ് കുമാർ വി.കെ. | 15-07-16 മുതൽ 31-03-17വരെ |
| ഐ.സി.ഡി.എസ് | ശ്രീമതി ഉമ്മു സൽമ | 1-04-16 മുതൽ 31-03-17 വരെ |
| അസി.എഞ്ചിനീയർ | ശ്രീമതി റിജോ മോൾ | 1-04-16 മുതൽ 5-7-16 വരെ |
| | ശ്രീ. അനിൽ | 7-7-16 മുതൽ 17-2-17 വരെ |
| | ശ്രീ. അരുൺ | 18-2-17 മുതൽ 31-3-17 വരെ |
| വി.ഇ.ഒ | ശ്രീ. സാജൻ | 1-04-16 മുതൽ 30-11-16 വരെ |
| | ശ്രീ. സുബൈർ. എം. | 1-12-16 മുതൽ 10-3-17 വരെ |
| | ശ്രീമതി അന സി.എസ്. | 11-03-17 മുതൽ 31-03-17 വരെ |
| വെറ്റിനറി സർജൻ | ഡോ. വൈശാഖ് വിശ്വം | 1-04-16 മുതൽ 31-03-17 വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ. മുഹമ്മദാലി. കെ.എ. | 1-04-16 മുതൽ 31-03-17 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ. റോജ നഫ്സത്ത് | 1-04-16 മുതൽ 31-03-17 വരെ |
| അസി.സെക്രട്ടറി | ശ്രീ. ബെൻസിലാൽ കെ.ബി. | 1-04-16 മുതൽ 31-03-17 വരെ |
| ഹെഡ് മാസ്റ്റർ | ശ്രീ. .യു. ഉണ്ണികൃഷ്ണൻ | 1-04-16 മുതൽ 31-03-17 വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | തനത് വരുമാനം. | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| | ഭാഗം 2 | |
| 12 | തൊഴിൽ നികുതി പരിശോധനയിൽ കണ്ട അപാകതകൾ | 2-1 |
| 13 | ടെലിക്കമ്യൂണിക്കേഷൻ ടവറുകളുടെ വസ്തു നികുതി ഈടാക്കുന്നില്ല | 2-2 |
| | ഭാഗം 3 | |
| 14 | മരാമത്ത് പ്രവൃത്തി: പദ്ധതി നടപ്പിലാക്കുന്നതിൽ അലംഭാവം; 2016-17 ൽ നടപ്പിലാക്കിയത് 34.8% പ്രവൃത്തികൾ മാത്രം. | 3-1 |
| 15 | ഇ-ടെണ്ടർ പ്രവൃത്തികളുടെ ടെണ്ടർ ഫോറം വില ഗ്രാമപഞ്ചായത്തിന് ലഭ്യമായതിന്റെ രേഖകൾ ലഭ്യമാക്കിയില്ല. | 3-2 |
| 16 | പണിസ്ഥലത്തുനിന്ന് പൊളിച്ചുമാറ്റിയ സാധനങ്ങൾ പുനരുപയോഗിച്ചില്ല/ ലേലം ചെയ്തില്ല. | 3-3 |
| 17 | കരാറുകാരൻ സർവ്വീസ് ടാക്സ് അടവാക്കിയതിന്റെ രേഖകൾ ലഭ്യമല്ല. | 3-4 |

| | | |
|---|---|---|
| 18 | ചെലവ് രേഖകൾ ലഭ്യമാക്കിയിട്ടില്ല | 3-5 |
| 19 | പദ്ധതി നിർവ്വഹണം കാര്യക്ഷമമല്ല | 3-6 |
| 20 | ചെലവ് പത്രികയിൽ ഉൾപ്പെടാത്ത ചെലവ് | 3-7 |
| 21 | അംഗനവാടി വൈദ്യുതീകരണം-രേഖകൾ ഹാജരാക്കണം | 3-8 |
| 22 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കണം | 3-9 |
| 23 | O.D.F -പ്ലാൻ ഫണ്ട് ഉപയോഗിച്ചത് ക്രമീകരിക്കുന്നത് സംബന്ധിച്ച് | 3-10 |
| 24 | വാഹന ഇൻഷൂറൻസ് (പി.എച്ച്.സി )അടച്ചത്-വിശദീകരണം ആവശ്യപ്പെടുന്നു | 3-11 |
| 25 | ലൈബ്രറി സെസ്സ് അടവാക്കൽ സംബന്ധിച്ച് | 3-12 |
| 26 | തെരുവ് വിളക്ക് വൈദ്യുത ചാർജ്ജ്-സംയുക്ത പരിശോധന നടത്തണം | 3-13 |
| 27 | വിവാഹധനസഹായം (എസ്.സി)വിശദീകരണം ആവശ്യപ്പെടുന്നു | 3-14 |
| 28 | വിജയഭേരി-മാർഗ്ഗരേഖയുടെ ലംഘനം | 3-15 |
| 29 | നെൽകൃഷി വികസനം-മാർഗ്ഗരേഖ പാലിക്കേണ്ടതാണ് | 3-16 |
| 30 | വാഴ കൃഷി പ്രോത്സാഹനം - മാർഗ്ഗരേഖ പാലിക്കണം | 3-17 |
| 31 | അംഗനവാടികൾക്ക് ഗ്യാസ് കണക്ഷൻ-രേഖകൾ ഹാജരാക്കണം | 3-18 |
| 32 | അധിക ഹോണറേറിയം പ്ലാൻഫണ്ട് ഉപയോഗിച്ചത് ക്രമപ്രകാരമല്ല | 3-19 |
| 33 | അംഗപരിമിതർക്ക് സ്കോളർഷിപ്പ് രേഖകൾ ഹാജരാക്കിയില്ല-തുക തടസ്സപ്പെടുത്തുന്നു | 3-20 |
| 34 | ആയുർവേദ മരുന്ന് ലഭ്യമായിട്ടില്ല. | 3-21 |
| 35 | മരുന്ന് ലഭ്യമായിട്ടില്ല | 3-22 |
| | ഭാഗം 4 | |
| 36 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4.1 |
| 37 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4.2 |
| 38 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4.3 |
| 39 | വായ്പ/ വായ്പ തിരിച്ചടവ് | 4.4 |

| | | |
|---|---|---|
| 40 | സ്ഥിരനിക്ഷേപങ്ങൾ | 4.5 |
| 41 | ഓഡിറ്റ് റിക്കവറി | 4.6 |
| 42 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4.7 |
| 43 | ഓഡിറ്റ് പ്രത്യവലോകനം | 4.8 |
| 44 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4.9 |
| 45 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ ബഡ്ജറ്റ് 02.03.2016 തിയതിയിലെ 1-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2016-17 | 31-07-2017 | 10-07-2017 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2016-17 | 27-9-17, 28-9-17 | ഈ റിപ്പോർട്ടിന്റെ അനുബന്ധമായി ചേർത്തിട്ടുണ്ട് |

2016-17 ലെ വാർഷിക ധനകാര്യ പത്രിക : അപാകതകൾ

1).2015-16 വർഷത്തെ ഓഡിറ്റ് സർട്ടിഫിക്കേഷൻ പ്രകാരമുള്ള അപാകതകൾ (ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 1-3)പരിഹരിച്ചിട്ടില്ല.

2).അക്കൗണ്ടുകളിൽ മേലുള്ള കുറിപ്പുകൾ , മുൻ വർഷത്തെ താരതമ്യ തുകകൾ എന്നിവ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

3).ബജറ്റ് ഫങ്ഷൻ-ഫങ്ഷനറിഅടിസ്ഥാനത്തിൽതയ്യാറാക്കിയിട്ടില്ല.

4).അക്രുവൽ അടിസ്ഥാനത്തിലേയ്ക്ക് മാറുന്നതിന് മുമ്പുള്ള മുഴുവൻ സ്ഥാവര ജംഗമ ആസ്തികൾ തിട്ടപ്പെടുത്തി

ബാലൻസ്

ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. എന്നാൽ തൻ വർഷത്തെ മുഴുവൻ വിവരങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്.

5).2015-16 വാർഷിക കണക്ക് , ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-15 പ്രകാരം വസ്തു നികുതി , കുടിശ്ശിക യഥാക്രമം 1969541/-രൂപ(കറന്റ്) 1029880/-രൂപ (അരിയർ); (ലൈബ്രറി സെസ് 142681 രൂപ ഉൾപ്പെടെ) എന്നിങ്ങനെയാണ് (ആകെ 2856740). എന്നാൽ 2016-17ലെ 'സഞ്ജയ' രജിസ്റ്റർ പ്രകാരം വസ്തു നികുതി , ലൈബ്രറി സെസ് എന്നിവയുടെ കുടിശ്ശിക ഡിമാന്റ് ആകെ3932961/-.രൂപയാണ്

6).2016-17 'സഞ്ജയ' രജിസ്റ്റർ പ്രകാരം വസ്തു നികുതി ,ലൈബ്രറി സെസ് കുടിശ്ശിക ആകെ 4781009/-രൂപ എന്നാണ്. വാർഷിക കണക്ക് , ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-15 പ്രകാരം പ്രസ്തുത കുടിശ്ശിക യഥാക്രമം 4041911/-രൂപ(ലൈബ്രറി സെസ് ഉൾപ്പെടെ), 340102/-രൂപ (ആകെ 3701809/-) എന്നിങ്ങനെയാണ്.

7).ബാലൻസ് ഷീറ്റ് B-4ഷെഡ്യൂൾ പ്രകാരം വിനിയോഗിച്ച ഗുണഭോക്തൃ വിഹിതം 74994/-രൂപ ബാധ്യതയാക്കി നിലനിറുത്തിയിട്ടുണ്ട്.

8). മറ്റു നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേരിലുള്ള അക്കൗണ്ടിലെ നീക്കിയിരിപ്പ് തുകകൾ വാർഷിക കണക്ക്

പ്രകാരമുള്ള നീക്കിയിരിപ്പിൽ ഉൾപ്പെട്ടിട്ടില്ല.

| അക്കൗണ്ട് നമ്പർ/ബാങ്ക് | നിർവ്വഹണ ഉദ്യോഗസ്ഥൻ | ബാങ്ക് പാസ്സ് ബുക്ക് പ്രകാരം 31.03.2017ലെ നീക്കിയിരിപ്പ് |
|---|---|---|
| 67334463350/എസ്.ബി.ടി. പെരിന്തൽമണ്ണ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 325628രൂപ |

9).ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾ I-14(a)പ്രകാരം എം.എൻ.ആർ.ജി.എസ്. ചെലവ് 9331896 രൂപയാണ്. എന്നാൽ സാക്ഷ്യപ്പെടുത്തിയ എം.എൻ.ആർ.ഇ.ജി.എസ്. രേഖകൾ പ്രകാരം ചെലവ് 9874988/-രൂപയാണ്.(543092/- രൂപയുടെ വ്യത്യാസം)

10). മാലിന്യ മാനേജ്മെന്റിന് ലഭിച്ച കേന്ദ്ര ഫണ്ട് 349880രൂപ മുൻ വർഷങ്ങളിലുൾപ്പെടെ ബാലൻസ് ഷീറ്റ് (B-4) പ്രകാരം ബാധ്യതയായി നിലനിറുത്തിയിട്ടുണ്ട്.

11).സ്റ്റോക്കിന്റെ മൂല്യം കണക്കാക്കി റിപ്പോർട്ട് തയ്യാറാക്കിട്ടില്ല.

12).മറ്റു നിർവ്വഹണ ഉദ്യോഗസ്ഥരുടെ Other recoveries വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

13).ഐ.സി.ഡി.എസ്. കേന്ദ്രവിഹിതം 610682 രൂപ B-4ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പുണ്ട്.

14).ബാങ്ക് പാസ്സ് ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പും വാർഷിക കണക്ക് പ്രകാരമുള്ള നീക്കിയിരിപ്പും

പൊരുത്തപ്പെടുന്നില്ല. റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

| അക്കൗണ്ട് | ബാങ്ക് | പാസ്സ് ബുക്ക് പ്രകാരം നീക്കിയിരിപ്പ് | വാർഷിക കണക്ക് പ്രകാരംനീക്കിയിരിപ്പ് |
|---|---|---|---|
| തനത് ഫണ്ട് | ആനമങ്ങാട് കോ ഓ.ബാങ്ക് | 2428267.65 | 2409873.65 |
| ടി.സ്.ബി. | ട്രഷറി | 11222047 | 11343877 |

| | | | |
|---|---|---|---|
| തനത് | കോർപ്പറേഷൻ ബാങ്ക് പെരിന്തൽമണ്ണ | 841000 | 842804 |

15).വൗച്ചറുകൾ ലിസ്റ്റ് തയ്യാറാക്കി ഫണ്ടടിസ്ഥാനത്തിലോ കൃത്യമായി നമ്പറിട്ട് ക്രമത്തിലോ സൂക്ഷിച്ചിട്ടില്ല.

16)ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ് (RP-40 )ൽ 516238 /-രൂപ യുണ്ട് .(ക്രമീകരിച്ചിട്ടില്ല )തൻവർഷം പാർട്ട് ബിൽ നൽകിയിട്ടുളള പ്രവൃത്തികൾ ഒന്നും ഇല്ല.

17നിർവ്വഹണോദ്ധ്യോഗസ്ഥർ ബ്രിഡ്ജ് അക്കൗണ്ട് തുടങ്ങിയിട്ടില്ല

18.താഴെപ്പറയുന്ന ചെലവുകൾ പോസ്റ്റ് ചെയ്തിട്ടില്ല

| | | | |
|---|---|---|---|
| പ്രോജക്ട് | 98/17<br>259/17 | അടങ്കൽ | 1000000 (കേന്ദ്രാവിഷ്കൃതം)<br>137400 (തനത്) |
| ചെലവ് | 909552<br>137400 | ചെക്ക് നം | 4335611/5.8.16<br>69455/12.5.16 |

അപാകതകൾ പരിഹരിക്കേണ്ടതാണ്

## 1-4 സാമ്പത്തിക വിശകലനം

| വർഷം 2016-17 | |
|---|---|
| മുന്നിരിപ്പ് | 3981177.05 |
| വരവ് | 54919256 |
| ആകെ | 58900433.05 |
| ചെലവ് | 44103470 |
| നീക്കിയിരിപ്പ് | 14796963.05 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക | ചെലവ് ശതമാനം | നീക്കിയിരിപ്പ് RP-40(b) പ്രകാരം |
|---|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 15949663 | 15949663 | 11594856 | 4354807 | 72.7 | 0 |
| വികസനഫണ്ട് എസ്.സി.പി. | 0 | 8132373 | 8132373 | 5725748 | 2406625 | 70.41 | 0 |
| വികസനഫണ്ട് ടി. എസ്.പി. | 0 | - | - | - | - | - | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 6046617 | 6046617 | 5127454 | 919163 | 84.8 | 0 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 4329867 | 4329867 | 1823439 | 2506428 | 42.11 | 0 |

| | | | | | | | |
|---|---|---|---|---|---|---|---|
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 8944624 | 8944624 | 5389441 | 3555183 | 60.25 | 0 |
| പെർഫോമൻസ് ഗ്രാന്റ് | 0 | 4993006 | 4993006 | 2369300 | 2623706 | 47.45 | 0 |
| ബി ഫണ്ട് | 0 | 47699970 | 47699970 | 47699970 | 0 | 100 | 0 |
| MGNREGS | 1626 | 9336144 | 9337770 | 9331896 | 0 | | 5874 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു :

| വർഷം | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 2016-17 | 200 | 74473641 | 84 | 32795752 | 2 | 114 | 42 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ : ഇല്ല

## 1-7 തനത് വരുമാനം

മുൻ വർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തിക വർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 29.7 ശതമാനം കൂടുതൽ ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം |
|---|---|---|---|---|
| നികുതി വരവുകൾ | 3877755 | 4522947 | 645192 | 16.64 |
| നികുതിയേതര വരവുകൾ | 604333 | 1012613 | 408280 | 67.56 |
| മറ്റുവരവുകൾ | 32195 | 319277 | 287082 | 892 |
| ആകെ | 4514283 | 5854837 | 1340554 | 29.7 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 107880 | 69 |
| കർഷകതൊഴിലാളി പെൻഷൻ | 4412010 | 500 |
| വിധവാപെൻഷൻ | 18117080 | 1805 |

| | | |
|---|---|---|
| വാർദ്ധക്യകാലപെൻഷൻ | 18872120 | 2023 |
| വികലാംഗപെൻഷൻ | 4576470 | 520 |
| 50 കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1284410 | 123 |
| വിവാഹ ധനസഹായം | 330000 | 11 |

## 1-9 ക്യാഷ് വേരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 23-09-2017 ന് 10-30എ.എം.ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 14,436 രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു

## 1-10 ആഭ്യന്തര നിയന്ത്രണം

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, ഹെഡ്മാസ്റ്റർ, അസിസ്റ്റൻറ് സെക്രട്ടറി, അസിസ്റ്റൻറ് എഞ്ചിനീയർ എന്നിവർ TR7Aകാഷ് ബുക്ക്, സബ്സിഡിയറി കാഷ് ബുക്ക് എന്നിവ സൂക്ഷിച്ചിട്ടില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 13-09-2017 | 01-07-2017 മുതൽ 31-08-2017 വരെ | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 20-11-2014 മുതൽ 30-11-2014 വരെ | 2013-14 | 20-12-2014 |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 തൊഴിൽ നികുതി പരിശോധനയിൽ കണ്ട അപാകതകൾ

1) 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 204-ാം വകുപ്പ് , 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്ത് പ്രദേശത്ത് അർദ്ധ വർഷത്തിൽ 60 ദിവസത്തിൽ കുറയാതെ ഇടപാട് നടത്തുന്ന സ്ഥാപനങ്ങൾ, തൊഴിലിൽ ഏർപ്പെടുന്ന വ്യക്തികൾ എന്നിവരിൽ നിന്നും നിർണ്ണയിക്കപ്പെട്ട നിരക്കിൽ തൊഴിൽ നികുതി ഈടാക്കേണ്ടതാണ്

ഗ്രാമ പഞ്ചായത്തിലെ താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നും, അർദ്ധവർഷത്തിനിടയിൽ വിട്ടുതൽ ചെയ്ത ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ഒരു വ്യക്തി ഒരു അർദ്ധ വർഷം ഒന്നിലധികം ത.സ്വ.ഭ. സ്ഥാപനങ്ങളുടെ പരിധിയിൽ ജോലി ചെയ്യുമ്പോൾ ഒരു സ്ഥാപനത്തിൽ നികുതി അടച്ചാൽ, ആ അർദ്ധവർഷം അയാൾ ആ സ്ഥാപനത്തിൽ അടക്കേണ്ട നികുതിയും അടച്ച നികുതിയും തമ്മിലുള്ള വ്യത്യാസം രണ്ടാമത്തെ സ്ഥാപനത്തിൽ അടക്കേണ്ടതാണ്. പ്രസ്തുത ജീവനക്കാർ മറ്റേതെങ്കിലും സ്ഥാപനങ്ങളിൽ തൊഴിൽ നികുതി അടവാക്കിയിട്ടുണ്ടെങ്കിൽ വിശദ വിവരം അറിയിക്കേണ്ടതാണ്.

| പേര് | സ്ഥാപനം | തസ്തിക | അർദ്ധ | വിട്ടുതൽ ചെയ്ത |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | | | വർഷം | തിയ്യതി |
| ശ്രീ. സുലൈമാൻ. ഇ | GMLPS ഉത | JLT അറബിക് | I | 22-08-16 |
| ശ്രീ. അനിൽകുമാർ | ഗ്രാമ പഞ്ചായത്ത് | അക്കൗണ്ടന്റ് | II | 8-11-16 |
| ശ്രീ. ഗോവിന്ദൻ. ടി. | GHSSആനമങ്ങാട് | HSA | I | 6-6-16 |
| ശ്രീ. സെയ്തുമുഹമ്മദ്.പി. | ,, | HSA | I | 6-6-16 |
| ശ്രീ. ഗോകുൽനാഥ്. എ. | ,, | HSA | I | 11-7-16 |
| ശ്രീ. അലവി. കെ | GHSSആലിപ്പറമ്പ് | HSST | I | 10-8-16 |
| ശ്രീമതി മിനിമോൾ. ആർ. | ,, | HSST | I | 26-9-16 |
| ശ്രീമതി സുമ. എം. | ,, | Lab asst. | I | 23-9-16 |
| ശ്രീമതി ചന്ദ്രിക എം.പി. | ,, | ഹെഡ് മിസ്ട്രസ് | I | 8-6-16 |
| ശ്രീ. രാമചന്ദ്രൻ. വി. | ,, | P.E.T | II | 23-12-16 |
| ശ്രീ. വിപിൻ. വി. | ,, | O.A. | II | 15-12-16 |

2) WP(C) No.16670/ 06 നമ്പർ കേസിന്റെ അന്തിമ വിധിയിൽ സ്ഥാപന തൊഴിൽനികുതി ഈടാക്കുന്നതിൽ നിന്നും ബി.എസ്.എൻ.എൽ സ്ഥാപനങ്ങളെ ഒഴിവാക്കണമെന്ന വാദം കോടതി തള്ളിയ സാഹചര്യത്തിൽ ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന ബി.എസ്.എൻ.എൽ സ്ഥാപനത്തിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതായിരുന്നു. എന്നാൽ 2016-17 വർഷത്തിൽ രണ്ട് അർദ്ധവർഷങ്ങളിലും സ്ഥാപന നികുതി ഈടാക്കിയിട്ടില്ല.

3) LSGD അസിസ്റ്റൻറ് എഞ്ചിനീയറിൽ നിന്നും രണ്ട് അർദ്ധ വർഷങ്ങളിലും തൊഴിൽ നികുതി ഈടാക്കിയതിൻെറ വിവരവും പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 2-2 ടെലിക്കമ്യൂണിക്കേഷൻ ടവറുകളുടെ വസ്തു നികുതി ഈടാക്കുന്നില്ല

ഗ്രാമ പഞ്ചായത്ത് പരിധിയിൽ ഉള്ള താഴെ പറയുന്ന ഒരു ടെലിക്കമ്യൂണിക്കേഷൻ ടവറിൻെറ ഉടമസ്ഥനിൽ നിന്നും 2016-17വർഷത്തിൽ കേരള പഞ്ചായത്ത് രാജ് നിയമം 203 പ്രകാരമുള്ള വസ്തു നികുതി ഈടാക്കിയിട്ടില്ല. പല ടവറുകളുടെ ഉടമസ്ഥരിൽ നിന്നും വർഷങ്ങളായി വസ്തു നികുതി ഈടാക്കിയിട്ടില്ല. വിശദ വിവരം ചുവടെ നൽകുന്നു :

| മൊബൈൽ ടവർ | ഡിമാന്റ് ചെയ്ത വസ്തു നികുതി+ ലൈ.സെസ് | കെട്ടിട നികുതി അവസാനമായി അടവാക്കിയ സാമ്പത്തിക വർഷം |
|---|---|---|
| ഇൻഡസ് ടവേഴ്സ് ലിമിറ്റഡ്(11/18 B) | 10800+540 | 13-14 |
| ഇൻഡസ് ടവേഴ്സ് ലിമിറ്റഡ്(20/204 B) | 5850+293 | 13-14 |
| ഇൻഡസ് ടവേഴ്സ് ലിമിറ്റഡ്(4/439 A) | 10000+500 | 12-13 |
| ഇൻഡസ് ടവേഴ്സ് ലിമിറ്റഡ്(19/223 A) | 6750+338 | 15-16 |
| ഇൻഡസ് ടവേഴ്സ് ലിമിറ്റഡ്(5/268 A) | 10000+500 | 15-16 |
| ഇൻഡസ് ടവേഴ്സ് ലിമിറ്റഡ്(8/53 A) | 7650+383 | 15-16 |
| ഇൻഡസ് ടവേഴ്സ് ലിമിറ്റഡ്(1/95 A) | 9000+450 | 15-16 |
| ഇൻഡസ് ടവേഴ്സ് ലിമിറ്റഡ്(8/352 A) | 7650+383 | 15-16 |
| വൊഡാഫോൺ എസ്സാർ ലിമിറ്റഡ്(2/77 A) | 10800+540 | 15-16 |
| വൊഡാഫോൺ എസ്സാർ ലിമിറ്റഡ്(13/245 A) | 11550+518 | 07-08 |
| റിലയൻസ് ഇൻഫോടെൽ, കൊച്ചി (2/148) | 12600+630 | 09-10 |
| റിലയൻസ് ടെലികോം ഇൻഫ്രാസ്ട്രക്ചർ, എറണാകുളം (15/71 A) | 7500+375 | 09-10 |

| | | |
|---|---|---|
| മാനേജർ, ഡിഷ്നെറ്റ് വയർലെസ്സ് ലിമിറ്റഡ് (2/152) | 12600+630 | 09-10 |

വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 മരാമത്ത് പ്രവൃത്തി: പദ്ധതി നടപ്പിലാക്കുന്നതിൽ അലംഭാവം; 2016-17 ൽ നടപ്പിലാക്കിയത് 34.8% പ്രവൃത്തികൾ മാത്രം.

നി.ഉദ്യോഗസ്ഥൻ. അസി.എഞ്ചിനീയർ

1) പൊതു അവലോകനം

ഗ്രാമപഞ്ചായത്തിൽ മരാമത്ത് പ്രവൃത്തികൾ യഥാസമയം നടപ്പിലാക്കുന്നതിൽ വൻ വീഴ്ചയുണ്ടായതായി കാണുന്നു. വിശദാംശം താഴെ കൊടുക്കുന്നു.

ആകെ അംഗീകരിച്ച പ്രൊജക്ടുകൾ: 135

ആകെ നടപ്പിലാക്കിയ പ്രൊജക്ടുകൾ: 47 (34.8%)

നടപ്പിലാക്കാത്ത പ്രൊജക്ടുകൾ: 88

തുക ചെലവഴിച്ചതിന്റെ വിശദാംശം

ആകെ അടങ്കൽ: 34035942 രൂപ

ആകെ ചെലവ്: 11750962 രൂപ (34.5%)

ചെലവഴിക്കാത്ത തുക: 22284980 രൂപ.

65% പ്രവൃത്തികളും നടപ്പിലാക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

2) തനത് ഫണ്ട് പ്രവൃത്തികൾക്ക് ചെലവഴിച്ചില്ല.

തനത് ഫണ്ട് ഉപയോഗിച്ച് 62 പദ്ധതികൾ നടപ്പിലാക്കാൻ പ്രോജക്ട് തയ്യാറാക്കിയെങ്കിലും ഒരു പദ്ധതി പോലും നടപ്പിലാക്കിയില്ല.ആകെ വകയിരുത്തിയ 12895802 രൂപയിൽ ഒരു രൂപ പോലും ചെലവഴിച്ചില്ല.

ഇക്കാര്യത്തിൽ വിശദീകരണമാവശ്യപ്പെട്ട് നൽകിയ 30/22-9-17 നംപർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. വിശദമായ മറുപടി ലഭ്യമാക്കേണ്ടതാണ്.

## 3-2 ഇ-ടെണ്ടർ പ്രവൃത്തികളുടെ ടെണ്ടർ ഫോറം വില ഗ്രാമപഞ്ചായത്തിന് ലഭ്യമായതിന്റെ രേഖകൾ ലഭ്യമാക്കിയില്ല.

നി.ഉദ്യോഗസ്ഥൻ. അസി.എഞ്ചിനീയർ

GO(MS) No 318/2013/LSGD/28-09-2013 പ്രകാരം ത സ്വ ഭ വ സ്ഥാപനങ്ങളിലെ 5 ലക്ഷം രൂപയോ അതിന് മുകളിലോ അടങ്കലുള്ള പ്രവൃത്തികൾക്ക് ഇ-ടെണ്ടർ സംവിധാനം നടപ്പിലാക്കുകയും ഇത്തരം പ്രവൃത്തികളുടെ online transaction വഴിയുള്ള ടെണ്ടർ ഫോറം വില സ്വീകരിക്കുന്നതിനായി zero balance

account തുടങ്ങുന്നതിനും ഉത്തരവായിട്ടുള്ളതാണ്.മേലുത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തുകൾ നടപ്പിലാക്കുന്ന പ്രവൃത്തികളുടെ ടെണ്ടർ ഫോറം വില ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലാണ് ക്രഡിറ്റ് ചെയ്യേണ്ടത്. ആയത് പ്രകാരം , ആലിപ്പറമ്പ് ഗ്രാമപഞ്ചായത്ത് ഇ-ടെണ്ടർ ചെയ്ത പ്രവൃത്തികളുടെ ടെണ്ടർ ഫോറം വില ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്തത് എത്ര രൂപയാണെന്നും അതിൽ എത്ര രൂപ ലഭ്യമായിട്ടുണ്ട് എന്ന വിവരവും ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ 1/25-9-17 നംപർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. വിശദമായ മറുപടി ലഭ്യമാക്കേണ്ടതാണ്.

## 3-3 പണിസ്ഥലത്തുനിന്ന് പൊളിച്ചുമാറ്റിയ സാധനങ്ങൾ പുനരുപയോഗിച്ചില്ല/ ലേലം ചെയ്തില്ല.

നി.ഉദ്യോഗസ്ഥൻ. അസി.എഞ്ചിനീയർ

താഴെ പറയുന്ന മരാമത്ത് പ്രവൃത്തികളിൽ പൊളിച്ചെടുത്ത സാധനങ്ങൾ പുനരുപയോഗിക്കുകയോ ലേലം നടത്തി പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടുകയോ ചെയ്തിട്ടില്ല.വിശദാംശം താഴെ കൊടുക്കുന്നു.

| ക്ര.നം | പ്രവൃത്തി | ഇനം | പൊളിച്ച മാറ്റിയ സാധനം | നൽകിയ തുക |
|---|---|---|---|---|
| 1 | വെറ്റിനറി ഡിസ്പെൻസറി മെയ്ന്റനൻസ് 252/17<br>കരാറുകാരൻ: അസൈനാർ<br>കരാർ: 2/16-17/20-1-17<br>അളവ് പുസ്തകം: 3/16-17 | 1 | വാതിൽ 4 എണ്ണം<br>ജനൽ 6 എണ്ണം | ട്രഷറി ബിൽ നംപർ<br>55/16-17/31-3-17<br>148726 രൂപ |
| 2 | കാമ്പ്രം അംഗനവാടി കെട്ടിട മെയ്ന്റനൻസ് 242/17<br>കരാറുകാരൻ: മുഹമ്മത് റഫീഖ്<br>കരാർ: 3/16-17/20-1-17<br>അളവ് പുസ്തകം: 4/16-17,4A/16-17 | 1 | മരഉരുപ്പടി 0.78M3 | ട്രഷറി ബിൽ നംപർ<br>39/16-17 /29-3-17<br>344229 രൂപ |

മേൽ ഇനങ്ങളുടെ വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ 11/28-9-17 നംപർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. വിശദമായ മറുപടി ലഭ്യമാക്കേണ്ടതാണ്.

## 3-4 കരാറുകാരൻ സർവ്വീസ് ടാക്സ് അടവാക്കിയതിന്റെ രേഖകൾ ലഭ്യമല്ല.

നി. ഉദ്യോഗസ്ഥൻ: അസി. എഞ്ചിനീയർ.

താഴെപറയുന്ന പ്രവൃത്തികളുടെ എസ്റ്റിമേറ്റ് നിയമപരമായ സർവ്വീസ് ടാക്സ് ഉൾപ്പെടുത്തി തയ്യാറാക്കി അംഗീകാരം വാങ്ങുകയും സർവ്വീസ് ടാക്സ് മൂല്യനിർണ്ണയത്തിൽ ഉൾപ്പെടുത്തി കരാറുകാരന് തുക നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ കരാറുകാരൻ ഈ തുക അടവാക്കിയതിന്റെ വിശദാംശം ലഭ്യമല്ല. വിശദാംശം താഴെ കൊടുക്കുന്നു.

| ക്ര.നം | പദ്ധതിയുടെ വിശദാംശം | നൽകിയ തുക | സർവ്വീസ് ടാക്സ് |
|---|---|---|---|
| 1 | വെറ്റിനറി ഡിസ്പെൻസറി | മൂല്യനിർണ്ണയം: 134594 | 14132 രൂപ |

| | | | |
|---|---|---|---|
| | മെയ്ന്റനൻസ് 252/17<br>AS/TS തുക: 150000രൂപ<br>കരാറുകാരൻ: അസൈനാർ<br>കരാർ: 2/16-17/20-1-17<br>സർവ്വീസ് ടാക്സ്: 14183.66 രൂപ<br>(എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയത്) | (+) ST: 14132<br>ആകെ: 148726<br>(-) നികുതി 11225<br>കരാറുകാരന്: 137501<br>(ബിൽ നംപർ. 55/16-17 /31-3-17: 148726 രൂപ) | |
| | | ആകെ | 14132 രൂപ |

സർവ്വീസ് ടാക്സ് ഇനത്തിലുള്ള 14132/- രൂപ കരാറുകാരൻ അടവാക്കിയിട്ടുണ്ടെങ്കിൽ അക്കാര്യം അറിയിക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ 10/28-9-17 നംപർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. തുക അടവാക്കി അക്കാര്യം അറിയിക്കേണ്ടതാണ്.

## 3-5 ചെലവ് രേഖകൾ ലഭ്യമാക്കിയിട്ടില്ല

നിർവ്വഹണോദ്ധ്യോഗസ്ഥൻ.: അസി.എഞ്ചിനീയർ

താഴെ പറയുന്ന മരാമത്ത് പ്രവൃത്തികളുടെ ചെലവ് രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

വിശദാംശം താഴെ കൊടുക്കുന്നു.

| ക്രം.നം | പ്രവൃത്തി | പ്രൊജക്ട് നംപർ | ചെലവ് |
|---|---|---|---|
| 1 | GMLPS Smart class room | 249/17 | 327549 |
| 2 | GMLPS ചുറ്റുമതിൽ പുനരുദ്ധാരണവും ഗേറ്റ് നിർമാണവും | 250/17 | 281819 |
| | | ആകെ | 609368രൂ |

മേൽ ഇനങ്ങളുടെ ചെലവ് രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ 21/4-10-17 നംപർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവ് രേഖ ഹാജരാക്കേണ്ടതാണ്.ആയത് വരെ ചെലവ് തുക 609368/- രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 3-6 2016-17 പദ്ധതി നിർവ്വഹണം കാര്യക്ഷമമല്ല

2016-17 വർഷത്തേ പദ്ധതി നിർവ്വഹണം സംബന്ധിച്ച വിശദവിവരം ചുവടെ ചേർക്കുന്നു.

| നിർവ്വഹണോദ്ധ്യോസ്ഥൻ | ആകെ പ്രോജക്ട് | നിർവ്വഹണം നടത്തിയത് | ആകെ തുക | ചെലവ് | ശതമാനം |
|---|---|---|---|---|---|
| സെക്രട്ടറി | 25 | 10 | 5075000 | 2400000 | 47 % |
| അസി.എൻജിനിയർ | 130 | 48 | 34035942 | 11750962 | 34 % |
| കൃഷി ഓഫീസർ | 3 | 2 | 2717000 | 1917500 | 70 % |
| അസി.സെക്രട്ടറി | 5 | 2 | 5075000 | 2400000 | 47% |

| | | | | | |
|---|---|---|---|---|---|
| ഹെഡ്മാസ്റ്റർ | 2 | 1 | 107000 | 62000 | 57 % |
| ഐ.സി.ഡി.എസ് | 12 | 7 | 11238000 | 4340017 | 38 % |
| വി.ഇ.ഒ | 6 | 3 | 7331500 | 3285400 | 44% |
| വെറ്റിനറി സർജൻ | 4 | 4 | 2215084 | 913400 | 41% |
| മെഡിക്കൽ ഓഫീസർ | 4 | 3 | 675105 | 619550 | 91% |

പദ്ധതി നിർവ്വഹണം കാര്യക്ഷമമാക്കുന്നതിനും ഫണ്ട് ലാപ്സാകാതിരിക്കുന്നതിനും ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ഉണ്ടാകേണ്ടതാണ്.

## 3-7 ചെലവ് പത്രികയിൽ ഉൾപ്പെടാത്ത ചെലവ്

| | | | |
|---|---|---|---|
| പ്രോജക്ട് | 98/17<br>259/17 | അടങ്കൽ | 1000000 (കേന്ദ്രാവിഷ്കൃതം)<br>137400 (തനത്) |
| ചെലവ് | 909552<br>137400 | ചെക്ക് നം | 4335611/5.8.16<br>69455/12.5.16 |

ക്രമനം (1) അംഗനവാടി പോഷകാഹാരം നൽകൽ കേന്ദ്രാവിഷ്കൃത വിഹിതവും ക്രമനം (2) പഞ്ചായത്ത് യു.പി.എസ് .സ്ഥാപിക്കുന്നതിന്നും ചെലവായ തുക യാണ് എന്നാൽ 16-17 ചെലവ് പത്രികയിൽ (IKM Statement ) ചെലവ് വിവരം ചേർത്തിട്ടില്ല.അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 3-8 അംഗനവാടി വൈദ്യുതീകരണം-രേഖകൾ ഹാജരാക്കണം

| | | | |
|---|---|---|---|
| പ്രോജക്ട് | 212/17 | അടങ്കൽ | 200000 (റോഡിതരം) |
| ചെലവ് | 156290 | ബിൽനം | 10/16-17/30.03.17 |

ചെലവ് വിവരം

KSEB പെരിന്തൽമണ്ണ -52650

KSEB താഴേക്കോട് -42430

KSEB ചെർപ്പുളശ്ശേരി -61210

ആകെ -156290

തുക അടവാക്കിയത് സംബന്ധിച്ച് KSEB യുടെ എസ്റ്റിമേറ്റ് ,കൈപ്പറ്റ് രശീതി എന്നിവ ഹാജരാക്കിയിട്ടില്ല. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

## 3-9 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കണം

| പ്രോജക്ട് നം /പേര് | ബിൽ നം | നിർവ്വഹണം | ചെലവ് |
|---|---|---|---|
| 10/17എസ്.എസ്.എ വിഹിതം | 9/17/27.6.16 | സെക്രട്ടറി | 500000 |
| 204/27 ഐ.എ.വൈ വിഹിതം | 15/17/28.2.17 | സെക്രട്ടറി | 420000 |
| 205/17 ഐ.എ.വൈ വിഹിതം (എസ്.സി) | 16/17/30.3.17 | സെക്രട്ടറി | 540000 |
| 285/17പി.എം.എ.വൈ വിഹിതം | 15/17/9.3.17 | സെക്രട്ടറി | 420000 |

| | | | |
|---|---|---|---|
| 286/17തെരുവ് വിളക്ക് മെയിൻ സ്ഥാപിക്കൽ | 28/17/30.3.17 | സെക്രട്ടറി | 1769300 |
| 212/17 അംഗനവാടിവൈദ്യുതീകരണം | | I.C.D.S | 156290 |
| ആകെ | | | 3805590 |

മേൽപ്പറഞ്ഞ പ്രോജക്ടുകളുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്. തുക തടസ്സപ്പെടുത്തുന്നു

## 3-10 O.D.F -പ്ലാൻ ഫണ്ട് ഉപയോഗിച്ചത് ക്രമീകരിക്കുന്നത് സംബന്ധിച്ച്

കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച പൊതു സ്ഥലം മലമൂത്ര വിസർജന വിമുക്തമാക്കുന്നതിനുള്ള പദ്ധതി (O.D.F ) സ ഉ(സാധ)1773/16 തസ്വഭവ തി.27-5-16 പ്രകാരം സ്വച്ഛ്ഭാരത് മിഷൻ വിഹിതം 12000 രൂപയും ഗ്രാമപഞ്ചായത്ത് വിഹിതം 3400 രൂപയും ഉൾക്കൊള്ളിച്ച് ഒരു യൂനിറ്റിന് 15400 രൂപ വെച്ച് കക്കൂസ് നിർമ്മാണത്തിന് അനുവദിക്കുന്നതിനും ,സ്വച്ഛ്ഭാരത് വിഹിതം ലഭ്യമാകുവാൻ വൈകുന്ന പക്ഷം വികസന ഫണ്ടിൽ നിന്നോ തനത് ഫണ്ടിൽ നിന്നോ തുക താൽക്കാലികമായി അനുവദിക്കുവാനും , സ്വച്ഛ്ഭാരത് മിഷൻ വിഹിതം ലഭ്യമാകുന്ന പക്ഷം പ്രസ്തുത തുക തിരികെ വരവു വയ്ക്കാനും പ്രസ്തുത തുകയ്ക്ക് ബദൽ പ്രോജക്ട് വച്ച് നിർവ്വഹണം നടത്താനും നിർദ്ദേശിച്ചിരുന്നു.

ഗ്രാമപഞ്ചായത്തിൽ 2016-17 വർഷം വി.ഇ.ഒ നിർവഹണ ഉദ്യോഗസ്ഥനായി പ്രോജെക്ട് നമ്പർ 06/17പ്രകാരം സാനിറ്ററി യൂനിറ്റിന് സഹായ(ഒ ഡി എഫ്) ത്തിനായി വികസനഫണ്ടിൽ നിന്നും 1047200 രൂപയും പ്രോജെക്ട് നമ്പർ 12/17പ്രകാരം സാനിറ്ററി യൂനിറ്റിന് സഹായ(ഒ ഡി എഫ്) ത്തിനായി (എസ്.സി.പി )വികസനഫണ്ടിൽ നിന്നും 508200 രൂപയും ഉൾപ്പടെ ആകെ 1555400/- രൂപ ചെലവഴിച്ചിട്ടുണ്ട്.കേന്ദ്രസർക്കാരിൽ നിന്നും ഫണ്ട് ലഭ്യമാകുന്ന മുറക്ക് തുക തിരികെ വരവു വെക്കേണ്ടതാണ്.

## 3-11 വാഹന ഇൻഷൂറൻസ് (പി.എച്ച്.സി )അടച്ചത്-വിശദീകരണം ആവശ്യപ്പെടുന്നു

വൗച്ചർ നം 21600180/1.7.2016 പ്രകാരം (ചെക്ക് നം 4335607/1.7.16 ) ആലിപ്പറമ്പ് പി.എച്ച്.സി യുടെ K.E.V 9508 നംമ്പർ ഡീപ്പാർട്ട് മെൻെറ വക (ആരോഗ്യവകുപ്പിൻെറ )ജീപ്പ് ഇൻഷൂറൻസ് തുകയായി 7433/-രൂപ അനുവദിച്ചിട്ടുണ്ട് പഞ്ചായത്തിൻെറതല്ലാത്ത വാഹനത്തിൻെറ ഇൻഷൂറൻസ് തുക അനുവദിച്ചത് ക്രമപ്രകാരമല്ല .ഇതു സംബന്ധിച്ച് മെഡിക്കൽ ഓഫീസർ സെക്രട്ടറിക്ക് നൽകിയ കത്തിൽ ജി.ഒ 3942/2008/27.11.2008 .ആരോഗ്യക്ഷമ വകുപ്പ് ഉത്തരവ് പ്രകാരം നൽകാൻ വ്യവസ്ഥ ഉണ്ട് എന്നാണ് .ആയതിൻ പ്രകാരം തുകനൽകിയത് ക്രമപ്രകാരമല്ല .സർക്കാർ സാധൂകരണം ലഭ്യമാക്കാത്ത പക്ഷം തുക തിരികെ ഈടാക്കേണ്ടതാണ്.

## 3-12 ലൈബ്രറി സെസ്സ് അടവാക്കൽ സംബന്ധിച്ച്

സർക്കുലർ നം -10088 /എൽ-3 /05 /ത.സ്വ.ഭ.വ /20.9.2005 പ്രകാരം സാമ്പത്തിക വർഷം പിരിച്ചെടുത്ത ലൈബ്രറി സെസ്സ് ആദ്യ ഗഡു എപ്രിൽ 30 ന്ന് അകവും രണ്ടാമത്തേ ഗഡു നവംബർ 30 ന് അകവും അടയ്ക്കേണ്ടതുണ്ട് .അല്ലാത്ത പക്ഷം നിർവ്വഹണോദ്ധ്യോഗസ്ഥൻെറ ബാദ്ധ്യതായിരിക്കുന്നതായിരിക്കും എന്നും വ്യവസ്ഥയുണ്ട് എന്നാൽ 2016-17 ലെ ലൈബ്രറി സെസ്സ് 31.3.2017 വരെ ഒടുക്കിയതായി രേഖകൾ ഹാജരാക്കിയിട്ടില്ല.സർക്കാർ ഉത്തരവ് പാലിക്കേണ്ടതാണ്.

## 3-13 തെരുവ് വിളക്ക് വൈദ്യുത ചാർജ്ജ്-സംയുക്ത പരിശോധന നടത്തണം

സ്റ്റോക്ക് രജിസ്റ്റർ പ്രകാരം ഉള്ള വൈദ്യുത ഉപകരണങ്ങളുടെ വിവരം

പെരിന്തൽമണ്ണ സെക്ഷൻ -2016-17 ലെ വൈദ്യുത ചാർജ്ജ് -15121/-രൂപ

| ഇനം | കപ്പാസിററി | എണ്ണം |
|---|---|---|
| സാധാരണ ബൾബ് | 40 വാട്ട് | 118 |
| സി.എഫ്.എൽ | 20 വാട്ട് | 287 |
| ട്യൂബ് സാധാരണ | 20 വാട്ട് | 7 |

ചെർപ്പുളശ്ശേരി -2016-17 ലെ വൈദ്യുത ചാർജ്ജ് -24726/-രൂപ

| ഇനം | കപ്പാസിററി | എണ്ണം |
|---|---|---|
| സാധാരണ ബൾബ് | 40 വാട്ട് | 243 |
| സി.എഫ്.എൽ | 20 വാട്ട് | 152 |
| ട്യൂബ് സാധാരണ | 20 വാട്ട് | 11 |

താഴേക്കോട് സെക്ഷൻ-2016-17 ലെ വൈദ്യുത ചാർജ്ജ് -7467/-രൂപ

| ഇനം | കപ്പാസിററി | എണ്ണം |
|---|---|---|
| സാധാരണ ബൾബ് | 40 വാട്ട് | 5 |
| സി.എഫ്.എൽ | 20 വാട്ട് | 68 |
| ട്യൂബ് സാധാരണ | 20 വാട്ട് | 15 |

പഞ്ചായത്തിൽ നിലവിൽ സാധാരണ ബൾബുകൾ ഇല്ലെന്നിരിക്കേ പ്രധമദൃഷ്ട്യ ഈ കണക്ക് തെറ്റാണെന്ന് ഓഡിററിന്ന് ബോദ്ധ്യപ്പെട്ടു.മുൻ വർഷങ്ങളിൽ സ്ഥാപിച്ച എൽ.ഇ.ഡി ബൾബുകൾ ഒന്നും സ്റ്റോക്കിൽ വന്നിട്ടില്ല.സാധാരണ ബൾബുകൾ മാറ്റി പകരം മറ്റ് ഉപകരണങ്ങൾ സ്ഥാപിച്ചപ്പോൾ സ്റ്റോക്ക് പരിശോധന നടത്തി ആവശ്യമായ മാറ്റങ്ങൾ വരുത്തിയിട്ടില്ല.അടിയന്തിരമായി സംയുക്ത പരിശോധന നടത്തി യഥാർത്ഥ സ്റ്റോക്ക് തയ്യാറക്കേണ്ടതാണ്.

## 3-14 വിവാഹധനസഹായം (എസ്.സി) വിശദീകരണം ആവശ്യപ്പെടുന്നു

| നിർവ്വഹണം | അസി.സെക്രട്ടറി | പ്രോജക്ട് നം/പേര് | 191/17(വിവാഹ ധനസഹായം-എ.സ്.സി) |
|---|---|---|---|
| അടങ്കൽ | 1200000 | ചെലവ് | 1050000/- |
| ബിൽ നം | 1/16-17/20.3.17<br>2/16-17/20.3.17<br>5/16-17/30.3.17<br>6/16-17/31.3.17 | -600000/-<br>-200000/-<br>-200000/-<br>-50000/- | |

2016-17സബ്സിഡി മാർഗ്ഗ രേഖ പ്രകാരം വിവാഹ ധനസഹായത്തിന്ന് താഴെപ്പറയുന്ന മാനദണ്ഡങ്ങൾ പ്രകാരം ഉക അനുവദിക്കാവുന്നതാണ്

1.വരുമാന പരിധി 150000/-രൂപ

2.വിവാഹത്തിന്ന് 15 ദിവസം മുമ്പോ വിവാഹം കഴിഞ്ഞ് പരമാവധി 1 വർഷത്തിനകമോ അപേക്ഷിക്കണം

3.പട്ടിക ജാതി/വർഗ്ഗ വകുപ്പിൻെറ സാക്ഷ്യപത്രം സമർപ്പിക്കണം

താഴേപ്പറയുന്ന ഗുണഭോക്താക്കളുടെ അപേക്ഷകളിൽ അപാകതകൾ കാണുന്നു

| അപേക്ഷകൻ | വധുവിൻെറ പേര് | അക്കൗണ്ട് നം | വിവാഹ തീയ്യതി | റിമാർക്ക്സ് |
|---|---|---|---|---|
| വാസുദേവൻ ,വടക്കേക്കര -വാർഡ്-3 | ശ്രീജ | 757101082595 തുക-50000/- | 01.04.2012 | വിവാഹത്തിന്ന് 15 ദിവസം മുമ്പോ വിവാഹം കഴിഞ്ഞ് ഒരു വർഷത്തിനകമോ അപേക്ഷിച്ചിട്ടില്ല.പട്ടിക ജാതി/വർഗ്ഗ വകുപ്പിൻെറ സാക്ഷ്യപത്രം സമർപ്പിച്ചിട്ടില്ല |
| ഭുവനേശ്വരി,മേലേപ്പുരക്കൽ-വാർഡ്-2 | സുചിത്ര | 345900101000409 തുക-50000/- | 31.05.2015 | |
| ചാത്തപ്പൻ,കുന്നത്ത്വാർഡ്-9 | അനിത | 205501231000454 തുക-50000/- | 08.09.2013 | |
| ചാമി.ഒടുവങ്ങാട്ടിൽ-വാർഡ്-6 | രജനി | 21520100023748 തുക-50000/- | 28.12.2013 | |
| കാളി,കുണോത്ത്-വാർഡ്-21 | ബിന്ദു | 40129101032639 തുക-50000/- | 08.09.2013 | |
| കുട്ടൻ,ചീരക്കുഴി-വാർഡ്-6 | രേഷ്മ് | 205501011004988 തുക-50000/- | 19.01.2014 | |
| സുരേന്ദ്രൻ,നൊട്ടത്ത് കുന്ന് വാർഡ്-1 | പ്രസന്ന | 40129100108200 തുക-50000/- | 22.03.2015 | |
| മുണ്ടി,ചെറിയോടത്ത്-വാർഡ്-2 | ഷീന | 205501011004988 തുക-50000/- | 28.05.2015 | |
| വാസു,തച്ചങ്ങോട്ടിൽ-വാർഡ്-15 | രജനി | 20550101004957 തുക-50000/- | 09.01.2014 | |
| കമലം.വാർഡ്-15 | രിജീഷ്മ | 20550105100057 തുക-50000/- | 08.02.2014 | |
| കുഞ്ഞിരാമൻ,വാർഡ്-6 | ശരണ്യ | 67337573926 തുക-50000/- | 29.03.2015 | |
| രാധ,പനക്കാംപ്പൊറ-വാർഡ്-10 | രജനി | 20550123100166 തുക-50000/- | 05.02.2015 | |

തുക 600000/-രൂപതടസ്സപ്പെടുത്തുന്നു.

## 3-15 വിജയഭേരി-മാർഗ്ഗരേഖയുടെ ലംഘനം

| നിർവ്വഹണം | ഹെഡ്മാസ്റ്റർ | പ്രോജക്റ്റ് നം/പേര് | 209/17(വിജയഭേരി) |
|---|---|---|---|
| അടങ്കൽ | 62000 | ചെലവ് | 62000 |
| ബിൽ നം | 1/16-17/9.3.17-47000<br>2/16-17/9.3.17-15000 | നിർവ്വഹണം | ഹെഡ്മാസ്റ്റർ |

ചെലവ് വിവരം

(1)15000/- പഞ്ചായത്ത് തല കായിക മേള നടത്തിയതിന്ന് 245 കുട്ടികൾക്ക് ഭക്ഷണം നൽകിയതിന്ന് ചെലവായ തുക
(2)15000/- പഞ്ചായത്ത് തല ശാസ്ത്രമേള നടത്തിയതിന്ന് ചെലവായ തുക
(3) 32000/-പഞ്ചായത്ത് തല കലാമേള നടത്തിയതിന്ന് ചെലവായ തുക

സബ്സിഡി മാർഗ്ഗ രേഖ (ജി.ഒ.(എം.എസ്)4/2016/ത.സ്വ.ഭ.വ /11.1.2016ഖണ്ഡിക 7.7 )പ്രകാരം ഉദ്പ്പാദനപരമല്ലാത്ത കലാ,കായിക,ശാസ്ത്ര മേളകൾക്ക്പ്രോജക്ട് തയ്യാറാക്കി പ്ലാൻഫണ്ട് ചെലവഴിക്കുന്നതിന്ന മുൻകൂട്ടി സർക്കാർ അനുമതി വാങ്ങിയിരിക്കണം.ആയത് പാലിക്കാതെ മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ചെലവഴിച്ച തുക 62000/-രൂപക്ക് അനുമതി ഉത്തരവ് ലഭ്യമാക്കുകയോ തുക നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കുകയോ ചെയ്യേണ്ടതാണ്.

## 3-16 (നെൽകൃഷി വികസനം)-മാർഗ്ഗരേഖ പാലിക്കേണ്ടതാണ്

| | | | |
|---|---|---|---|
| നിർവ്വഹണം | കൃഷി ഓഫീസർ | പ്രോജക്ട് നം/പേര് | 187/17(നെൽകൃഷി വികസനം) |
| അടങ്കൽ | 937500 | ചെലവ് | 937500 |
| ബിൽ നം | 2/16-17/9.3.17 | | |

വാഴകൃഷി പ്രോത്സാഹനത്തിന്ന് സബ്സിഡി മാർഗ്ഗ രേഖ (ജി.ഒ.(എം.എസ്)4/2016/ത.സ്വ.ഭ.വ /11.1.2016 )പ്രകാരം വിത്ത്,ജൈവ,രാസ വളം നൽകൽ എന്നീവ നൽകാവുന്നതാണ് ആയത് നൽകുന്നതിന്ന് (1)ചെറുകിട നാമമാത്ര കർഷകർക്ക് കൃഷി സ്ഥല വിസ്തീർണ്ണത്തിന്ന് ആനുപാതികമായി തുക നൽകാവുന്നതാണ് (2)കൃഷി ക്ക് വളം നൽകാൻ പർച്ചേസ് കമ്മിറ്റി വാങ്ങി വിതരണം ചെയ്യണം(3)പണമായി തുക നൽകാവുന്നതല്ല (4)75 % മാത്രമേ സബ്സീഡി നൽകാവൂ. ഇതിൽ ക്രമനം (2)(3),(4), എന്നി വ പാലിച്ചതായി കാണുന്നില്ല .മാർഗ്ഗ രേഖ പാലിച്ച് പദ്ധതികൾ നിർവ്വഹണം നടത്താൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-17 വാഴക്കൃഷി പ്രോത്സാഹനം -മാർഗ്ഗരേഖ പാലിക്കണം

| | | | |
|---|---|---|---|
| നിർവ്വഹണം | കൃഷി ഓഫീസർ | പ്രോജക്ട് നം/പേര് | 198/17(വാഴക്കൃഷി പ്രോത്സാഹനം) |
| അടങ്കൽ | 937500 | ചെലവ് | 937500 |
| ബിൽ നം | 2/16-17/9.3.17 | നിർവ്വഹണം | കൃഷിഓഫീസർ |

വാഴകൃഷി പ്രോത്സാഹനത്തിന്ന് സബ്സിഡി മാർഗ്ഗ രേഖ (ജി.ഒ.(എം.എസ്)4/2016/ത.സ്വ.ഭ.വ /11.1.2016 )പ്രകാരം വിത്ത്,ജൈവ,രാസ വളം നൽകൽ എന്നീവ നൽകാവുന്നതാണ് ആയത് നൽകുന്നതിന്ന് (1)ചെറുകിട നാമമാത്ര കർഷകർക്ക് കൃഷി സ്ഥല വിസ്തീർണ്ണത്തിന്ന് ആനുപാതികമായി തുക നൽകാവുന്നതാണ് (2)കൃഷി ക്ക് വളം നൽകാൻ പർച്ചേസ് കമ്മിറ്റി വാങ്ങി വിതരണം ചെയ്യണം(3)പണമായി തുക നൽകാവുന്നതല്ല (4)75 % മാത്രമേ സബ്സീഡി നൽകാവൂ ഇതിൽ ക്രമനം (2)(3),(4), എന്നി വ പാലിച്ചതായി കാണുന്നില്ല .മാർഗ്ഗരേഖ പാലിച്ച് നിർവ്വഹണം നടത്തേണ്ടതാണ്.

## 3-18 അംഗനവാടികൾക്ക് ഗ്യാസ് കണക്ഷൻ-രേഖകൾ ഹാജരാക്കണം

| | | | |
|---|---|---|---|
| പ്രോജക്ട് | 100/17<br>224/17 | അടങ്കൽ | 17000 (പ്ലാൻ)<br>100000 (റോഡിതരം) |
| ചെലവ് | 17000/-<br>98595/- | ബിൽനം | 6/16-17/25.02.17<br>9/16-17/14.03.17 |

ചെലവു വിവരം താഴെ ചേർക്കുന്നു.

(1)ഭാരത് ഗ്യാസ് -ആദ്യകണക്ഷൻ 3 എണ്ണം 3x2315 =6945

(2)ഇൻഡേൻഗ്യാസ് -സെക്കൻഡ്കണക്ഷൻ 39 എണ്ണം =39 x2350 =91650

(3)സ്റ്റൗ വാങ്ങിയത് =17000.
താഴെ പറയുന്ന രേഖകൾ ഹാജരാക്കിയില്ല.

1.ഗ്യാസ്സ് കമ്പനിയുടെ ഔദ്യോഗിക ബില്ല്

2.സ്റ്റൗ വാങ്ങിയ ബില്ല് (ക്വട്ടേഷൻ വിവരം )

3.സ്റ്റോക്ക് രജിസ്റ്റർ

4.കൈപ്പറ്റ് രസീതി
തുക തടസ്സപ്പെടുത്തുന്നു

## 3-19 അധിക ഹോണറേറിയം പ്ലാൻഫണ്ട് ഉപയോഗിച്ചത് ക്രമപ്രകാരമല്ല

| | | | |
|---|---|---|---|
| പ്രോജക്ട് | 196/17 | അടങ്കൽ | 1401493 |
| ചെലവ് | 1401493 | ബിൽനം | 3/16-17/22.10.16<br>5/16-17/25.02.17<br>8/16-17/14.03.17 |

ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥയായി 2016-17 ൽ നടപ്പിലാക്കിയ "അംഗൻവാടി ജീവനക്കാർക്ക് അധിക ഹോണറേറിയം- പഞ്ചായത്ത് വിഹിതം" എന്ന പ്രൊജക്ട് പ്രകാരം തൻ വർഷത്തിൽ ആകെ 1401493/- രൂപ വികസന ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുള്ളത്.സ.ഉ(സാധാ)നം.636/2016/LSGD,തീ:16-2-16,Vസ.ഉ(എം.എസ്) നം.21/16/സാ.നീ.വ /തീ:25-2-16എന്നിവ പ്രകാരം അംഗൻവാടി ജീവനക്കാർക്ക് അധിക ഹോണറേറിയം നൽകേണ്ട തുക തനത് ഫണ്ടിൽ നിന്നും നൽകുന്നതിനാണ് അനുമതി നൽകിയിട്ടുള്ളത്.ആയത് ലഭ്യമല്ല എന്ന് ബന്ധപ്പെട്ട പഞ്ചായത്ത് ഡെപ്യൂട്ടി ഡയരക്ടറും ജില്ലാ പ്ലാനിംഗ് ഓഫീസറും സാക്ഷ്യപ്പെടുത്തുന്ന സാഹചര്യത്തിൽ ടി ഇനത്തിലുള്ള തുക വികസന ഫണ്ടിൽ നിന്നും നൽകാവുന്നതാണെന്ന് മേൽ ഉത്തരവുകളിൽ വ്യക്തമാക്കിയിട്ടുണ്ട്. ഇപ്രകാരം മേൽ ആവശ്യത്തിന് തനത് ഫണ്ട് ലഭ്യമല്ല എന്ന് പഞ്ചായത്ത് ഡെപ്യൂട്ടി ഡയരക്ടറും ജില്ലാ പ്ലാനിംഗ് ഓഫീസറും സാക്ഷ്യപ്പെടുത്തിയിട്ടില്ല. കൂടാതെ, 31-3-17 തീയതിയിൽ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ 13753750/- രൂപ നീക്കിയിരിപ്പ് അവശേഷിക്കുന്നുണ്ട്. ഈ സാഹചര്യത്തിൽ മേൽ പരാമർശിച്ച പ്രകാരം ചെലവഴിച്ച 1401493/- രൂപ കൺസോളിഡേറ്റ് ഫണ്ടിലേക്ക് തിരിച്ചടക്കുകയോ ടി പ്രവൃത്തിക്ക് സർക്കാരിൽ നിന്നും സാധൂകരണം ലഭ്യമാക്കുകയോ ചെയ്യേണ്ടതാണ്.തുക തടസ്സപ്പെടുത്തുന്നു.

## 3-20 അംഗപരിമിതർക്ക് സ്കോളർഷിപ്പ് രേഖകൾ ഹാജരാക്കിയില്ല-തുക തടസ്സപ്പെടുത്തുന്നു

| | | | |
|---|---|---|---|
| പ്രോജക്ട് | 14/17 | അടങ്കൽ | 1062000 |
| ചെലവ് | 1062000 | ബിൽനം | 7/16-17/14.3.17 |

ചെലവ് വിവരം

36 പേർക്ക് @18200 =655200

11 പേർക്ക് @13200 =145200

2 പേർക്ക് @12000 =24000

16 പേർക്ക് @6917 =110672

1 പേർക്ക് @6927 =6927

16 പേർക്ക് @6000 =96000

5 പേർക്ക് @4800 =24000

ആകെ =1062000/-

താഴേപ്പറയുന്ന രേഖകൾ ഹാജരാക്കണം

1.അംഗീകൃത ഗുണഭോക്തൃത ലിസ്റ്റ് (പഞ്ചായത്ത് തീരുമാനം ഉൾപ്പടെ)

2.ഗ്രാമ സഭ അംഗീകാരം സംബന്ധിച്ച് രേഖ

3.ഗുണഭോക്താവിൻെറ ഡിസ് എബിലിററി സർട്ടിഫിക്കറ്റ്

4.സ്കൂളിൻെറ സാക്ഷ്യപത്രം

5.പഞ്ചായത്ത് സ്ഥിരതാമസക്കാർ ആണെന്നതിനുള്ള രേഖ (ഐ.ഡി )

6.ബാങ്ക് അക്കൗണ്ട് കോപ്പി

7.ബാങ്ക് സാക്ഷ്യപത്രം
തുക 1062000/-തടസ്സപ്പെടുത്തുന്നു.

## 3-21 ആയുർവേദ മരുന്ന് ലഭ്യമായിട്ടില്ല.

നിർവ്വഹണോദ്യോഗസ്ഥൻ: മെഡിക്കൽ ഓഫീസർ(ഹോമിയോ)

ആയുർവേദ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങുന്നതിനായി 500000 രൂപ( ട്രഷറിബിൽ നംപർ 1/16-17 /30-1-17 പ്രകാരം 300000 രൂപ, 2/16-17/17-3-17 പ്രകാരം 200000 രൂപ) ഔഷധിക്ക് നൽകിയിട്ടുണ്ട്. എന്നാൽ 298301 രൂപയുടെ മരുന്ന് മാത്രമാണ് ലഭ്യമായിട്ടുള്ളത്.അവശേഷിക്കുന്ന മരുന്ന് ലഭ്യമായതിന്റെ രേഖകൾ ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മരുന്ന് ലഭ്യമാക്കാനാവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. മരുന്ന് ലഭ്യമാക്കി അക്കാര്യം അറിയിക്കേണ്ടതാണ്. അവശേഷിക്കുന്ന ചെലവു തുക 2,01,699/-രൂപ തടസ്സം ചെയ്യുന്നു.

## 3-22 മരുന്ന് ലഭ്യമായിട്ടില്ല.

നിർവ്വഹണോദ്യോഗസ്ഥൻ: മെഡിക്കൽ ഓഫീസർ(PHC)

1) PHC ക്ക് മരുന്ന് വാങ്ങൽ 200/16-17

ചെലവ്: 100000 രൂപ

ട്രഷറി ബിൽ നംപർ 10/16-17/20-3-17 100000

2)പരിരക്ഷ പദ്ധതി 197/16-17

ചെലവ്: 144000 രൂപ

ട്രഷറി ബിൽ നംപർ 9/16-17/24-3-17-17 144000 രൂപ(ആകെ ബിൽ തുക: 171048 രൂപ)

മൊത്തം ചെലവ് (100000+144000) = 244000 രൂപ

മേൽ പ്രകാരം 244000 രൂപ പിൻവലിച്ച് മരുന്ന് വാങ്ങുന്നതിനായി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിന് നൽകിയിട്ടുണ്ട്. എന്നാൽ മരുന്ന് ലഭ്യമായതിന്റെ രേഖകളൊന്നും തന്നെ ഹാജരാക്കിയിട്ടില്ല. മരുന്ന് ലഭ്യമായിട്ടുണ്ടെങ്കിൽ അക്കാര്യം അറിയിക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ 20/4-10-17 നംപർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. വിശദമായ മറുപടി ലഭ്യമാക്കേണ്ടതാണ്. ചെലവു തുക തടസ്സം ചെയ്യുന്നു.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നമ്പർ | അഡ്വാൻസ് | ചെലവ് | ബാക്കി |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | തെരുവ് വിളക്ക്-സ്ട്രീറ്റ് മെയ്ൻ നീട്ടൽ (S286/17) | 28/31-03-17 | 17,69,300 | 0 | 17,69,300 |
| കെ.എസ്.ഇ.ബി | അംഗൻവാടികളുടെ വൈദ്യുതീകരണം (S212/17) | 10/31-3-17 | 1,56,290 | 0 | 1,56,290 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിയ്ക്കാൻ അവശേഷിക്കുന്നത്

ഇല്ല

## 4-4 വായ്പ/വായ്പ തിരിച്ചടവ്

വായ്പ/വായ്പ തിരിച്ചടവുമായി ബന്ധപ്പെട്ട രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ 2016-17 വർഷത്തിൽ ലഭിച്ച 8,882/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു :

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2011-12<br>12-13 | 3(23) | 3702 | ശ്രീമതി സുജാത, അസിസ്റ്റൻറ്എഞ്ചിനീയർ | 11608100517/ 21-4-16 |
| 2011-12<br>12-13 | 2(2) | 5,000 | പാറൽ ക്ഷീരോൽപ്പാദക സഹകരണ സംഘം | 11608107610/29-3-17 |
| ലഭ്യമല്ല | | 180 | മാനേജിംഗ്പാർട്ണർ,ലോഹശിൽപ്പി | 110200102/ 27-12-16 |
| ആകെ | | 8882 | | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഇല്ല

## 4-8 (എ) സംക്ഷിപ്ത വിവരം

| | |
|---|---|
| വർഷം | 2016-2017 |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 54919256 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 44103470 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 62,000 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 7594046 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-15 | | 62,000 | ശ്രീ.യു.ഉണ്ണികൃഷ്ണൻ, ഹെഡ് മാസ്റ്റർ |

ആകെ - 62,000

സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-5 | 609368 | അസി. എഞ്ചിനീയർ |
| 3-9 | 38,05,590 | 5,00,000 - ശ്രീ. ബെൻസിലാൽ കെ.ബി,സെക്രട്ടറി<br>31,49,300 - ശ്രീ. ജോണ്സൺ പീറ്റർ കാർഡോസ്, സെക്രട്ടറി<br>156290 - ശ്രീമതി ഉമ്മു സൽമ, ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 3-14 | 6,00,000 | ശ്രീ. ബെൻസിലാൽ കെ.ബി, അസി.സെക്രട്ടറി |
| 3-18 | 1,15,595 | ശ്രീമതി ഉമ്മു സൽമ, ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 3-19 | 14,01,493 | |
| 3-20 | 10,62,000 | |
| 3-21 | 2,01,699 | ഡോ. റോജ ഹഫ്സത്ത്, മെഡിക്കൽ ഓഫീസർ(ഹോമിയോ ) |
| 3-22 | 2,44,000 | ഡോ.മുഹമ്മദാലി.കെ.എ., മെഡിക്കൽ ഓഫീസർ(പി.എച്ച്.സി.) |
| ആകെ | 8039745 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡികനം | തുക |
|---|---|

| | |
|---|---|
| 3-4 | 14132 (സർവ്വീസ് ടാക്സ് ) |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.യു.ഉണ്ണികൃഷ്ണൻ, ഹെഡ് മാസ്റ്റർ | ഹെഡ് മാസ്റ്റർ , GMLPS ഉത | എംബ്രോട്ടിൽ ഹൗസ്, ആലിപ്പറമ്പ പോസ്റ്റ്, മലപ്പുറം ജില്ല |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്ക്സ് |
|---|---|---|---|
| 1988-90<br>1995-96 | LFM-14/1465/00/4.4.11 | 16 | |
| 1997-98 | LFM-12/734/02/4.2.11 | 40 | |
| 1998-99 | LFM-16/144/07/4.2.11 | 4 | |
| 1999-00 | LFM-16/1442/07/4.2.11 | 8 | |
| 2000-01 | LFM-10/878/03/10.2.11 | 10 | |
| 2001-02 | LFM-10/1443/07/10.2.11 | 2 | |
| 2002-03 | LFM-10/1444/07/10.2.11 | 5 | |
| 2003-04 | LFM-10/1445/07/10.2.11 | 7 | |
| 2004-05 | LFM-10/1381/07/20.2.11 | 23 | |
| 2005-06 | LFM-11/1516/11/21.3.12 | 8 | |
| 2006-07 | LFM.111516/11/21.3.12 | 16 | |
| 2007-08 | LFM-10/1518/11/21.3.12 | 20 | |

| | | | |
|---|---|---|---|
| 2008-09 | LFM-10/1590/11/21.3.12 | 18 | |
| 2009-10<br>2010-11 | LFM-11/363/13/26.3.13 | 29 | |
| 2011-12<br>2012-13 | LFM-11/385/15/21.4.15 | 35 | |
| 2013-14<br>2014-15 | KSAMPM-24/1402/16/13.7.16 | 24 | |
| 2015-16 | KSAMPM-24/253/17/3-2-17 | 24 | |

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ എസ് എ എം പി എം.24/2180/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം മലപ്പുറം

പിൻ- 676 505 ഫോൺ: 0483-2734951

ഇ-മെയിൽ: dompm.ksad@kerala.gov.in

തീയ്യതി : 23-11-2017

1994- ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4ാം വകുപ്പ് 1994 ലെ കേരള പഞ്ചായത്ത് നിയമത്തിന്റെ 215ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്'ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേഡുകൾ അവലംബിച്ചും മലപ്പുറം ജില്ലയിലെ ആലിപ്പറമ്പ് ഗ്രാമപഞ്ചായത്ത് 2016-17 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ആലിപ്പറമ്പ് ഗ്രാമപഞ്ചായത്ത് 2016-17 വാർഷിക ധനകാര്യ പത്രിക വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
മലപ്പുറം

AUDIT CERTIFICATE

No.KSA/MPM 24/2180/2017

Kerala State Audit Department

District Audit office, Malappuram

Phone: 0483 -2734951

Email: dompm.ksad@kerala.gov.in

Date: 23-11-2017

Certified that I have audited the Annual Financial Statement of Alipparamb Grama Panchayath in Malappuram District of the year ended on 31.03.2017 in accordance with section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayath Raj Act 1994, the rules made there under and the guidelines issued by the Comptroller And Auditor Genaral of India of the purpose of audit of accounts of Panchayath Raj Institutions.

In my opinion, the Financial Statements of Alipparamb Grama Panchayath Panchayath for the year 2016-17 except the observations in My audit report properly presents the picture of income and expenditure.

Deputy Director

State Audit Department

Malappuram